നമ്പർ.എൻ.ഇ.പി(3)/47546/2015

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 24.12.2016

## സർക്കുലർ

**വിഷയം :-** **പൊതുവിദ്യാഭ്യാസം - 2016-2017 അധ്യയന വർഷം ഐ.സി.ടി പരിശീലനം ലഭിക്കാത്ത അധ്യാപകർക്കും പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്കും പരിശീലനങ്ങൾ നൽകേണ്ടതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന :- (1)) പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.008.2016-ലെ NEP-3/47546/2016 നമ്പർ സർക്കുലർ

(2) സ. ഉ. (എം എസ്) 89/2011/പൊ.വി.വ. തീയതി - 22.03.2011

ഹൈസ്കൂൾ ക്ലാസ്സുകളിൽ ഐസിടി പഠനം ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പ്രത്യേക ഐസിടി പരിശീലനങ്ങൾ ഈ വർഷവും അധ്യാപകർക്ക് നൽകിയിരുന്നു. എന്നാൽ അധ്യാപകരുടെ സ്ഥലംമാറ്റവും നിയമനവും, പുനർവിന്യാസം, അധ്യാപക നിയമനം തുടങ്ങിയവമൂലം ചില സ്കൂളുകളിൽ ഐസിടി പഠിപ്പിക്കുന്ന അധ്യാപകർക്ക് പ്രത്യേക പരിശീലനവും, പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്ക് പ്രത്യേക ഐസിടി പരിശീലനവും 2016 ഡിസംബർ 31 നകം പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പരിശീലനങ്ങൾ നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു :

**പരിശീലനങ്ങൾ**

| ക്രമ നമ്പർ | പരിശീലനം | പരിശീലന ദൈർഘ്യം |
|---|---|---|
| 1 | എട്ട്, ഒമ്പത്, പത്ത് ക്ലാസുകളിൽ ഐസിടി പഠിപ്പിക്കുന്ന അധ്യാപകർക്കുള്ള പരിശീലനം | 4 ദിവസം |
| 2 | അടിസ്ഥാന ഐസിടി പരിശീലനം (പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്കുവേണ്ടി) | 6 ദിവസം |

**നിർദ്ദേശങ്ങൾ**

1. പ്രത്യേക ഐസിടി പരിശീലനം ലഭിച്ച അധ്യാപകർ മാത്രമായിരിക്കണം ഹൈസ്കൂൾ ക്ലാസുകളിൽ ഐസിടി പാഠപുസ്തകം വിനിമയം ചെയ്യേണ്ടത്.
2. ഐസിടി പാഠപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള പരിശീലനം ലഭിക്കാത്ത അധ്യാപകർ 2016 ഡിസംബർ 31-ന് മുമ്പ് പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്. അധ്യാപകർക്ക് യഥാസമയം പരിശീലനം ലഭിച്ചുവെന്ന് പ്രഥമാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്.
3. ഐ.ടി@സ്കൂൾ പ്രോജക്ട് അംഗീകരിച്ച മൊഡ്യൂൾ മാത്രം ഉപയോഗിച്ചായിരിക്കണം പരിശീലനം നടത്തേണ്ടത്.
4. ഒരു പരിശീലന കേന്ദ്രത്തിൽ കമ്പ്യൂട്ടറിന്റെ ലഭ്യതക്കനുസരിച്ച് 20 മുതൽ 30 വരെ അധ്യാപകരെ ഉൾപ്പെടുത്തി പരിശീലനം ക്രമീകരിക്കേണ്ടതാണ്. 15-ൽ താഴെ അധ്യാപകർക്ക് ഒന്നും 15 മുതൽ 25 വരെ രണ്ടും 25-നു മുകളിൽ മൂന്നും എന്ന ക്രമത്തിൽ പരിശീലകരെ (RPs) നിയോഗിക്കേണ്ടതാണ്.
5. ഐടി@സ്കൂൾ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ അതത് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ സജ്ജീകരിക്കേണ്ടതാണ്. ഐടി@സ്കൂളിന്റെ ജില്ലാ റിസോഴ്സ്

കേന്ദ്രങ്ങൾ സ്കൂൾ കമ്പ്യൂട്ടർ ലാബുകൾ, അസാപ് സെന്ററുകൾ എന്നിവ പരിശീലനകേന്ദ്രങ്ങളായി ഉപയോഗപ്പെടുത്തേണ്ടതാണ്. പരിശീലനത്തിനാവശ്യമായ കമ്പ്യൂട്ടർ ലാബുകൾ ലഭ്യമല്ലെങ്കിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത ലാപ്ടോപ്പുകൾ ശേഖരിച്ച് അനുയോജ്യമായ സ്കൂളുകളിൽ താൽക്കാലികമായി കമ്പ്യൂട്ടർ ലാബ് സജ്ജീകരിച്ച് പരിശീലനം നടത്തേണ്ടതാണ്.

6. പരിശീലനത്തിന്റെ ഗുണനിലവാരം, കാര്യക്ഷമത എന്നിവ ഉറപ്പുവരുത്തുന്നതിന് ജില്ലയിലെ വിദ്യാഭ്യാസ ഓഫീസർമാരും ഐടി@സ്കൂൾ ജില്ലാകോർഡിനേറ്റർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7. പരിശീലനത്തിൽ പങ്കെടുക്കുന്ന അധ്യാപകരും പരിശീലകരും മുഴുവൻ പരിശീലന സമയത്തും പരിശീലനകേന്ദ്രത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. ഒന്നിലധികം പരിശീലകരെ നിയോഗിച്ചിട്ടുള്ള കേന്ദ്രങ്ങളിൽ എല്ലാ പരിശീലകരും എല്ലാ പരിശീലന ദിവസങ്ങളിലും പരിശീലന കേന്ദ്രങ്ങളിൽ ഉണ്ടായിരിക്കേണ്ടതാണ്.

8. പരിശീലകർ പരിശീലനം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പ് പരിശീലനകേന്ദ്രത്തിൽ എത്തേണ്ടതും പരിശീലനം അവസാനിച്ച് എല്ലാ പഠിതാക്കളും പോയശേഷം മാത്രം പരിശീലനകേന്ദ്രത്തിൽ നിന്നും പോകേണ്ടതുമാണ്.

9. പരിശീലനത്തിനെത്തുന്ന അധ്യാപകർക്ക് പ്രതിദിനം 125/-രൂപയും പരിശീലകർക്ക് (RPs) 200/- രൂപയും ഓണറേറിയമായി ഐടി@സ്കൂൾ പ്രോജക്ട് നൽകേണ്ടതാണ്.

10. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഓണറേറിയം നൽകുന്നതല്ല.

11. അംഗീകൃത അൺഎയിഡഡ് സ്കൂളിലെ അധ്യാപകരെയും താൽക്കാലിക അധ്യാപകരെയും പരിശീലനത്തിൽ ഉൾപ്പെടുത്താവുന്നതാണ്. എന്നാൽ അൺഎയിഡഡ് സ്കൂളിലെ അധ്യാപകർക്ക് ഓണറേറിയം നൽകേണ്ടതില്ല.

12. പ്രൊബേഷൻ പൂർത്തിയാക്കേണ്ട അധ്യാപകർക്കുള്ള പരിശീലനത്തിൽ പങ്കെടുക്കുന്നവർ 45 മണിക്കൂർ പരിശീലനം പൂർത്തിയാക്കിയെന്ന് ജില്ലാ കോർഡിനേറ്റർമാർ ഉറപ്പുവരുത്തേണ്ടതാണ്.

13. ജില്ലയിൽ നടത്തുന്ന ഏതു പരിശീലന പരിപാടിക്കും എക്സിക്യൂട്ടീവ് ഡയറക്ടറുടെ മുൻകൂർ അനുമതി വാങ്ങേണ്ടതും പരിശീലനത്തെപ്പറ്റിയുള്ള വിവരങ്ങൾ Training Management System-ൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഒപ്പ്)

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

അംഗീകാരത്തോടെ

**പൊതുവിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ (ജനറൽ)**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@ സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ./എ.ഇ.ഒ.മാർക്കും
എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോർഡിനേറ്റർമാർ മുഖേന)
സ്റ്റോക്ക് ഫയൽ